8. ഗ്രാമപഞ്ചായത്തുകളിൽ ശക്തവും കാര്യക്ഷമവുമായ സോഷ്യൽ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തുന്നതാണ്.

കടത്തിക്കൊണ്ടുവരുന്ന കുട്ടികൾ

166 (2799) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മതിയായ രേഖകൾ ഇല്ലാതെ കുട്ടികളെ കടത്തിക്കൊണ്ടുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ എത്ര കുട്ടികളെയാണ് കടത്തിക്കൊണ്ടുവന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) എന്താവശ്യത്തിനു വേണ്ടിയാണ് കുട്ടികളെ ഇപ്രകാരം കടത്തിക്കൊണ്ടു വരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) കടത്തിക്കൊണ്ടുവരുന്ന കുട്ടികളെ ചൈൽഡ് ലൈൻ പ്രവർത്തകർ ഏറ്റെടുക്കാറുണ്ടോ ; ഇവരെ തിരിച്ച് രക്ഷാകർത്താക്കളെ ഏൽപ്പിക്കാറുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. 24-5-2014-ൽ ബീഹാർ, ജാർഖണ്ഡ്, വെസ്റ്റ് ബംഗാൾ എന്നീ സംസ്ഥാനങ്ങളിൽനിന്നും പാലക്കാട് റെയിൽവേ സ്റ്റേഷനിൽ എത്തിയ 578 കുട്ടികളിൽ മുക്കം മുസ്ലീം ഓർഫനേജിലെ വിദ്യാർത്ഥികളായിരുന്ന 207 പേരെയും വെട്ടത്തൂർ അൻവാരുൾ ഹുദ കോംപ്ലക്സ് ഓർഫനേജിലെ വിദ്യാർത്ഥികളായിരുന്ന 64 പേരെയും ചൈൽഡ് വെൽഫയർ കമ്മിറ്റികൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറുകയും 198 പേരെ ബന്ധപ്പെട്ട സംസ്ഥാനങ്ങളിലേയ്ക്ക് തിരിച്ചയയ്ക്കുകയും 109 പേരെ ബന്ധപ്പെട്ട ചൈൽഡ് വെൽഫയർ കമ്മിറ്റി മാതാപിതാക്കൾക്ക് കൈമാറുകയുമുണ്ടായി. 21-5-2015-ൽ മതിയായ രേഖകളില്ലാതെ 29 കുട്ടികൾ എറണാകുളം റെയിൽവേ സ്റ്റേഷനിൽ നെട്ടൂരിലെ ഖദീജത്തുൽ കുബ്റ ഇസ്ലാമിക് ഓർഫനേജിലേയ്ക്ക് കൊണ്ടുവന്നതും തുടർന്ന് 1-6-2015-ൽ 16 കുട്ടികളെ ആലുവയിലെ ജനസേവ ശിശുഭവൻ കൊണ്ടുവന്നതും എറണാകുളം ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെയും പരിഗണനയിലാണ്.

(ബി) കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനുവേണ്ടിയാണ് കൊണ്ടുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്ഥാപനങ്ങളിലേയ്ക്ക് കൊണ്ടുവരുന്ന കുട്ടികൾക്ക് മതിയായ രേഖകളില്ലാത്തപക്ഷം ചൈൽഡ് ലൈനും പോലീസും ചൈൽഡ് വെൽഫയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കുകയും ചൈൽഡ് വെൽഫയർ കമ്മിറ്റി തീർപ്പ് കൽപ്പിക്കുന്ന പ്രകാരം നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

വനിതാ ഹോസ്റ്റലുകളുടെ പ്രവർത്തനം

167 (2800) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിൽ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എത്ര വനിതാ ഹോസ്റ്റലുകളുണ്ട് ; ഏതെല്ലാം ; പ്രസ്തുത ഹോസ്റ്റലുകൾക്ക് 2011-12 സാമ്പത്തിക വർഷം മുതൽ 2015 മാർച്ച് വരെയുള്ള കാലയളവിൽ ഗ്രാന്റ് നൽകിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; ഗ്രാന്റ് തുക എത്രയാണ് ;

(ബി) ഈ കാലയളവിൽ ഗ്രാന്റ് ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക എത്ര ; ചെലവഴിച്ചത് എത്ര ;

(സി) സർക്കാർ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വനിതാ ഹോസ്റ്റലുകളിൽ പരിശോധന നടത്തിയിട്ടുണ്ടോ ; അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന വനിതാ ഷോർട്ട് സ്റ്റേകൾ, വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ എന്നിവയ്ക്കെതിരെ നടപടിയെടുത്തിട്ടുണ്ടോ ;

(ഡി) വനിതാ ഹോസ്റ്റലുകളിലെ പ്രശ്നങ്ങളെക്കുറിച്ച് വന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ ; ഇതേക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ

168 (2801) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യക്ഷേമ പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്ര സർക്കാർ വിഹിതം കുറച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly